(സി) ഈ കേസ്സുകളിൽ കണ്ടാലറിയാവുന്ന എത്ര പ്രതികളുണ്ട് ; പേരും മേൽവിലാസവുമില്ലാത്തതോ കണ്ടാലറിയാവുന്നതോ ആയ ഗണത്തിൽപ്പെടാത്ത എത്ര പ്രതികൾ ഈ കേസുകളോടനുബന്ധിച്ചുണ്ട് ;

(ഡി) ഗുരുദേവ വിഗ്രഹധ്വംസനവും ഗുരുദേവ മന്ദിരം തകർക്കലും സംബന്ധിച്ച കേസുകളിൽ ഇതുവരെ എത്രപേരെ അറസ്റ്റു ചെയ്തു; ബാക്കിയുള്ളവരെ അറസ്റ്റ് ചെയ്യാത്തതിനുള്ള കാരണമെന്ത് ; ഈ കേസ്സുകളുടെ അന്വേഷണത്തിന് പ്രത്യേക പോലീസ് സംഘങ്ങളെ നിയോഗിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഇ) ഈ കേസ്സുകളെപ്പറ്റി എന്തെല്ലാം അന്വേഷണങ്ങൾ ഇതുവരെ നടത്തി ; ഈ കേസിൽ എത്രയെണ്ണം ഇതുവരെ ചാർജ്ജുചെയ്തു ; ഇതിൽ ഏതെങ്കിലും കേസ്സ് റഫർ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പന്ത്രണ്ട് സംഭവങ്ങളുണ്ടായിട്ടുണ്ട്.

(ബി) രജിസ്റ്റർ ചെയ്ത കേസ്സുകളുടെയും അവയിലെ പ്രതികളുടേയും വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഈ കേസ്സുകളിൽ കണ്ടാലറിയാവുന്ന പ്രതികളില്ല. ഏഴ് കേസ്സുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

(ഡി) അഞ്ചു കേസ്സുകളിൽ ആകെ പതിനൊന്നു പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മൂന്ന് പ്രതികൾ നേരിട്ട് കോടതിയിൽ ഹാജരായി. ഏഴ് കേസ്സുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. ഈ കേസ്സുകളുടെ അന്വേഷണത്തിന് പ്രത്യേക പോലീസ് സംഘങ്ങളെ നിയോഗിച്ചിട്ടുണ്ട്. മൂന്ന് കേസ്സുകൾ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തി വരുന്നു.

(ഇ) ബാലരാമപുരം പോലീസ് സ്റ്റേഷൻ ക്രൈം നം.54/2000 കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നം.439/2000 ചെങ്ങന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നം.83/2000 എന്നീ മൂന്നു കേസ്സുകൾ അന്വേഷണം പൂർത്തിയാക്കി കോടതികളിൽ ചാർജ്ജ് ഷീറ്റ് നല്കിയിട്ടുണ്ട്. കരുനാഗപ്പള്ളി ക്രൈം നം.13/2000 അന്വേഷണം പൂർത്തിയാക്കി ചാർജ്ജ് ഷീറ്റ് തയ്യാറാക്കി വരുന്നു. മതിലകം പോലീസ് ക്രൈം നം. 67/2000 30-3-2000-ൽ അൺഡിക്ടറ്റഡ് (യു.ഡി) യായി തീർപ്പ് കല്പിച്ചു. ബാക്കി ഏഴ് കേസ്സുകളിലും അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു. ഒരു കേസ്സും റഫർ ചെയ്തിട്ടില്ല.

വാഹനാപകടം ഒഴിവാക്കുന്നതിന് നടപടി

71 (78) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഭാഗത്ത് നാഷണൽ ഹൈവേയിൽ

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചു വരുന്ന വാഹന അപകടം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) വാഹന അപകടങ്ങൾ ഇല്ലതാക്കുന്നതിനായി ട്രാഫിക് പോലീസ് എന്തെങ്കിലും കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള നാഷണൽ ഹൈവേയിൽ പ്രധാന ടൗണുകളിലും നന്തി, വെങ്ങളം, ചെങ്ങോട്ടുകാവ് റയിൽവേ സ്റ്റേഷനുകളിലും അപകട മേഖലകളായ മൂടാടി, പാലക്കുളങ്ങര, ആനക്കുളം ചെങ്ങോട്ടുകാവ് എന്നിവിടങ്ങളിലും ട്രാഫിക് ഡ്യൂട്ടിയായി പേലീസുകാരെ നിയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കുറയ്ക്കാൻ ഹൈവേകളിൽ നിരന്തരമായി വെഹിക്കിൾ ചെക്കിംഗ് നടത്തിയും, റോഡുകളിൽ ഡിവൈഡറുകൾ സ്ഥാപിച്ചും അമിത വേഗതയിലും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നുമുണ്ട്.

പൊതു പണിമുടക്കും ഹർത്താലും നിരോധിച്ചു കൊണ്ടുള്ള നടപടി

72 (80) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു പണിമുടക്കും ഹർത്താലും നിരോധിച്ചുകൊണ്ടുള്ള കേരള ഹൈക്കോടതി വിധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിൻമേൽ ഗവൺമെന്റിന്റെ പ്രതികരണം എന്തെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഹൈക്കോടതി വിധി പരിശോധിച്ചു വരികയാണ്.

നിർബന്ധിത ഹർത്താൽ നിരോധിച്ച നടപടി

73 (81) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർബന്ധിത ഹർത്താൽ ഭരണഘടനാ വിരുദ്ധമായും ഇപ്രകാരം ഹർത്താൽ നടത്തുന്ന രാഷ്ട്രീയ പാർട്ടികളുടെ അംഗീകാരം റദ്ദാക്കണമെന്ന് ഇലക്ഷൻ കമ്മിഷനോട് ആവശ്യപ്പെട്ടുകൊണ്ടും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഈയിടെ പുറപ്പെടുവിച്ച വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly